"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

ആരോഗ്യ കുടുംബക്ഷേമ വകുപ്പ്- ആരോഗ്യ വകുപ്പ്- ജീവനക്കാര്യം- ഡോ ഷീബ എം എം ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത OP(KAT) 454/2023 നമ്പറുള്ള 02-11-2023 ലെ ഉത്തരവ്- അനുവർത്തനം ചെയ്ത് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.1438/2024/H&FWD തീയതി,തിരുവനന്തപുരം, 13-06-2024

---

പരാമർശം:-

1. ഡോ ഷീബ എം എം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത OA(EKM) 677/2023 നമ്പറുള്ള 03-10-2023 ലെ ഉത്തരവ്
2. ഡോ ഷീബ എം എം ബഹു.ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത OP(KAT) 454/2023 നമ്പറുള്ള 02-11-2023 ലെ ഉത്തരവ്
3. ആരോഗ്യ വകുപ്പ് ഡയറക്ടറുടെ 15-03-2024 ലെ DHS/6254/2024-ER1 നമ്പർ കത്ത്

**ഉത്തരവ്**

Relinquishment letter നൽകിയെങ്കിലും ആയത് പരിഗണിക്കാതെ സിവിൽ സർജൻ ആയി ഉദ്യോഗക്കയറ്റം നൽകി കോഴിക്കോട് നിന്നും വയനാട്ടിലേക്ക് സ്ഥലംമാറ്റം നൽകിയതിനെതിരെ ഡോ.ഷീബ.എം.എം ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുൻപാകെ OA(EKM) 677/23 ഫയൽ ചെയ്യുകയുണ്ടായി.

2. ഡോ.ഷീബ.എം.എം - ന് സിവിൽ സർജൻ തസ്തികയിൽ പ്രവേശിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുള്ള സാഹചര്യത്തിൽ ടിയാൾ ടി തസ്തികയിൽ പ്രവേശിക്കണമെന്നും ടിയാൾക്ക് അസിസ്റ്റന്റ് സർജൻ തസ്തികയിൽ തുടരുന്നതിന് അവകാശമില്ലെന്നും പരാമർശം (1) പ്രകാരം ബഹു.ട്രൈബ്യൂണൽ നിർദ്ദേശം നൽകിയിരുന്നു. ബഹു.ട്രൈബ്യൂണലിന്റെ പരാമർശം (1)ലെ ഉത്തരവിനെതിരെ ഡോ. ഷീബ.എം.എം ബഹു.ഹൈക്കോടതി മുൻപാകെ OP(KAT) 454/2023 ഫയൽ ചെയ്യുകയുണ്ടായി. ഡോ.സുരേശൻ.കെ.കെ , സിവിൽ സർജൻ വിരമിക്കുന്ന ഒഴിവിൽ ഡോ ഷീബ എം എം -നെ തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിയമിക്കണമെന്ന് പരാമർശം (2) പ്രകാരം ബഹു.ഹൈക്കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്.

44118

3. പ്രസ്തുത വിഷയത്തിന്മേൽ ആരോഗ്യ വകുപ്പ് ഡയറക്ടർ പരാമർശം (3) പ്രകാരം താഴെപ്പറയും പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിരുന്നു. മലപ്പുറം പുറത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 14-02-2003 ൽ അസിസ്റ്റന്റ് സർജൻ തസ്തികയിൽ പ്രവേശിച്ച ഡോ ഷീബ 14-02-2003 മുതൽ 16-09-2009 വരെ മലപ്പുറം ജില്ലയിലും 17-09-2009 മുതൽ 06-10-2023 വരെ കോഴിക്കോട് ജില്ലയിലും സേവനമനുഷ്ഠിച്ചിരുന്നു. സിവിൽ സർജൻ പ്രൊമോഷനിലൂടെ ടിയാന് വയനാട് മീനങ്ങാടിയിലെ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ നിയമനം നൽകുകയും 09-10-2023 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിരുന്നു. ഡോ.ഷീബയുടെ ആരോഗ്യ പ്രശ്നങ്ങൾ പരിഗണിച്ചും വൃദ്ധരായ മാതാപിതാക്കളെ സംരക്ഷിക്കുന്നതിനുമായി കോഴിക്കോട് തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ ഡോ.സുരേശൻ.കെ.കെ (സിവിൽ സർജൻ) വിരമിക്കുന്നത് കാരണം ഉണ്ടാകുന്ന 01-05-2024 ലെ ഒഴിവിൽ ഡോ.ഷീബ.എം.എം നെ പരിഗണിക്കാവുന്നതാണ്.

4. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. പരാമർശം (2) ലെ ബഹു.ഹൈക്കോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് തലക്കുളത്തൂർ സാമൂഹികാരോഗ്യ കേന്ദ്രത്തിൽ 01-05-2024 ൽ നിലവിൽ വന്ന ഡോ.സുരേശൻ.കെ.കെ, സിവിൽ സർജന്റെ വിരമിക്കൽ ഒഴിവിൽ ഡോ.ഷീബ. എം. എം-ന് നിയമനം നൽകിക്കൊണ്ട് ഉത്തരവാകുന്നു.

5. ബഹു.ഹൈക്കോടതിയുടെ പരാമർശം (2) ഉത്തരവ് ഇപ്രകാരം അനുവർത്തനം ചെയ്യപ്പെട്ടിരിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
ആരോഗ്യ വകുപ്പ് ഡയറക്ടർ,തിരുവനന്തപുരം
ഡോ.ഷീബ.എം.എം, അസിസ്റ്റന്റ് സർജൻ, ഗവ.ജനറൽ ഹോസ്പിറ്റൽ (ബീച്ച്), വെള്ളായിൽ ജംഗ്ക്ഷൻ, കോഴിക്കോട്- 673032
കരുതൽ ഫയൽ /ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Anupama G Nair
Date: 13-06-2024 14:17:43
സെക്ഷൻ ഓഫീസർ

[illegible] കത്ത് നം 6254/2024/ഇ.ആർ.1/ആ.വ.ഡ
തീ. 14/06/2024.

ഒ.എ.(EKM) 677/2023, OP(KAT)454/2023 നമ്പരിലെ സർക്കാർ
അനുവർത്തന ഉത്തരവിന്റെ പകർപ്പ് അറിവിലേക്കും അനന്തര
നടപടികൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.
Beena 14/6/24
ആരോഗ്യ വകുപ്പ് ഡയറക്ടർക്കുവേണ്ടി.